# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 20.12.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1) നയതന്ത്ര, സൈനിക പങ്കാളിത്തം ശക്തിപ്പെടുത്താനും പ്രതിരോധ കയറ്റുമതി വർദ്ധിപ്പിക്കാനും ഇന്ത്യയുടെ വർധിച്ച പ്രതിരോധ ശേഷി സഹായിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   Country's self-reliance, strategic pacts in defence sector will strengthen its global partnerships: Says President Murmu.

2) പ്രതിപക്ഷ ബഹളം കാരണം ഇത്തവണ പാർലമെൻറ് ശീതകാലസമ്മേളനത്തിൻറെ പ്രവർത്തനക്ഷമതയിൽ കുറവുണ്ടായതായി കേന്ദ്രമന്ത്രി കിരൺ റിജിജു; ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

   Productivity of winter session of Parliament low due to ruckus created by Opposition, says Parliamentary Affairs Minister Kiren Rijiju: Both Houses of Parliament adjourned sine die.

3) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ടു ദിവസത്തെ കുവൈത്ത് സന്ദർശനത്തിന് നാളെ തുടക്കം.

   Prime Minister Narendra Modi will undertake a two-day visit to Kuwait tomorrow.

4) തിരുവനന്തപുരത്ത് നടന്ന 29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് കൊടിയിറങ്ങി; പെഡ്രോ ഫ്രയർ സംവിധാനം ചെയ്ത ബ്രസീലിയൻ ചിത്രം മലുവിന് മികച്ച ചിത്രത്തിനുള്ള സുവർണചകോരം.

   The 29th International Film Festival of Kerala held in Thiruvananthapuram concludes. Brazilian film Malu directed by Pedro Freire won the Suvarna Chakoram for Best Film.

5) മികച്ച മലായാള ചിത്രവും ജനപ്രിയചിത്രത്തിനുള്ള നെറ്റ്പാക്ക് പുരസ്കാരവും *ഫെമിനിച്ചി ഫാത്തിമയ്ക്ക്.*

***Feminichi Fathima* won the Best Malayalam Film and the NETPAC Award for Popular Film.**

6) **ഐ.എസ്.എൽ ഫുട്ബോളിൽ എഫ്.സി ഗോവ - മോഹൻ ബഗാൻ പോരാട്ടം.**

**FC Goa and Mohun Bagan to clash in ISL football.**

****************************

## HEADLINE – 1

### PREZ - DEFENCE

നയതന്ത്ര, സൈനിക പങ്കാളിത്തം ശക്തിപ്പെടുത്താനും പ്രതിരോധ കയറ്റുമതി വർദ്ധിപ്പിക്കാനും ഇന്ത്യയുടെ വർധിച്ച പ്രതിരോധ നിർവ്വഹണ ശേഷി സഹായിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സാങ്കേതികവിദ്യയിലെ പുരോഗതി രാജ്യസുരക്ഷയിൽ നിർണായക സ്വാധീനം ചെലുത്തുന്നുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. സെക്കന്തരബാദിലെ കോളേജ് ഓഫ് ഡിഫൻസ് മാനേജ്മെൻറിന് പ്രസിഡൻറ്സ് കളേഴ്സ് സമ്മാനിക്കുകയായിരുന്നു ശ്രീമതി മുർമു.

****************************

### LS SINE DIE

ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. രൂക്ഷമായ ഭരണ-പ്രതിപക്ഷ പ്രതിഷേധത്തിന് വേദിയായി ഇത്തവണ പാർലമെൻറ് സമ്മേളനം. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച ബില്ലുകൾ സംയുക്ത പാർലമെൻറ് സമിതിയുടെ പരിഗണനയ്ക്ക് വിട്ടു. അടുത്ത സമ്മേളനത്തിൽ സമിതി റിപ്പോർട്ട് കൈമാറും.

****************************

## HEADLINE – 2

### RIJIJU (INTRO)

പ്രതിപക്ഷ ബഹളം കാരണം ഇത്തവണ പാർലമെൻറ് ശീതകാലസമ്മേളനത്തിൻറെ പ്രവർത്തനക്ഷമതയിൽ കുറവുണ്ടായതായി കേന്ദ്രമന്ത്രി കിരൺറിജിജു. ലോക്സഭ 54 ശതമാനവും രാജ്യസഭ 40 ശതമാനവും മാത്രമാണ്

പ്രവർത്തനമികവ് രേഖപ്പെടുത്തിയതെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

**(ഹോൾഡ്)**

സമ്മേളന കാലയളവിൽ നാല് ബില്ലുകൾ ലോക്സഭയും മൂന്നെണ്ണം രാജ്യസഭയും പാസാക്കിയെന്ന പറഞ്ഞ അദ്ദേഹം, ഭരണഘടന അംഗീകരിച്ചതിൻറെ 75-ാാം വാർഷികത്തോട നുബന്ധിച്ച് ലോക്സഭയിലും രാജ്യസഭയിലും പ്രത്യേക ചർച്ച സംഘടിപ്പിച്ചതായും വിശദീകരിച്ചു.

***************************

## HEADLINE – 3

## PM-KUWAIT VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ കുവൈത്ത് സന്ദർശനത്തിന് നാളെ തുടക്കം. കുവൈറ്റ് അമീറിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. 43 വർഷത്തിന് ശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റ് സന്ദർശിക്കുന്നത്. സന്ദർശന വേളയിൽ ശ്രീ മോദി കുവൈത്ത് നേതൃത്വവുമായി ചർച്ച നടത്തും. കുവൈത്തിലെ ഇന്ത്യൻ സമൂഹവുമായും പ്രധാനമന്ത്രി സംവദിക്കും.

***************************

## HEADLINE – 4

## IFFK

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് കൊടിയിറങ്ങി. നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന സമാപന സമ്മേളനത്തിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സ്ത്രീപക്ഷ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിച്ച മേള ഐക്യത്തിൻറെയും ഒരുമയുടെയും വേദിയായി മാറിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. 'സ്പിരിറ്റ് ഓഫ് സിനിമ പുരസ്കാരം സംവിധായിക പായൽ കപാഡിയ മുഖ്യമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി.

***************************

## HEADLINE – 5

### IFFK – AWARD

കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ മികച്ച ചിത്രത്തിനുള്ള സുവർണ ചകോരം പെഡ്രോ ഫ്രയർ സംവിധാനം ചെയ്ത ബ്രസീലിയൻ ചിത്രമായ മലു സ്വന്തമാക്കി. രജത പുരസ്കാരം ഹൈപ്പർ ബോറിയൻസ എന്ന ചിത്രത്തിനാണ്. മികച്ച മലയാള ചിത്രവും പ്രേക്ഷക ചിത്രത്തിനുമുള്ള നെറ്റ്പാക്ക് പുരസ്കാരവും മുഹമ്മദ് ഫാസിൽ സംവിധാനം ചെയ്ത ഫെമിനിച്ചി ഫാത്തിമ നേടി. സാങ്കേതിക മികവിനുള്ള സ്പെഷ്യൽ ജൂറി പുരസ്കാരം ഈസ്റ്റ് ഓഫ് നൂൺ എന്ന ചിത്രത്തിനാണ്.

****************************

### PRAHLAD JOSHI – SURYA GHAR

പ്രധാനമന്ത്രി സൂര്യ ഘർ പദ്ധതിക്ക് കീഴിൽ രാജ്യത്ത് ആറ് ലക്ഷത്തി 30,000 പുരപ്പുറ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിച്ചതായി പുനരുപയോഗ ഊർജ മന്ത്രി പ്രൽഹാദ് ജോഷി. പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനായി പശ്ചിമ ബംഗാൾ, ബീഹാർ, ഒഡീഷ, ഝാർഖണ്ഡ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ പ്രതിനിധികളുമായി കൊൽക്കത്തയിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുരപ്പുറ സൗരോർജ്ജ പദ്ധതി കേന്ദ്ര സർക്കാരിന്റെ ദീർഘകാലാടിസ്ഥാന പദ്ധതിയാണെന്നും ഇതിലൂടെ വൈദ്യുതി നിരക്ക് ഗണ്യമായി ലാഭിക്കാനാകുമെന്നും ശ്രീ പ്രൽഹാദ് ജോഷി വ്യക്തമാക്കി.

****************************

## HEADLINE – 6

### ISL

ഐ.എസ്.എൽ ഫുട്ബോളിൽ എഫ്.സി ഗോവ - മോഹൻ ബഗാൻ പോരാട്ടം. ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

****************************

## REV-OM PRAKASH CHAUTALA-DEATH

ഹരിയാന മുൻ മുഖ്യമന്ത്രിയും ഇന്ത്യൻ നാഷണൽ ലോക് ദളിൻറെ നേതാവുമായ ഓം പ്രകാശ് ചൗട്ടാല അന്തരിച്ചു. 89 വയസ്സായിരുന്നു. ഗുഡ് ഗാവിലെ വസതിയിൽ ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. ഏഴ് തവണ എംഎൽഎയും അഞ്ച് തവണ ഹരിയാന മുഖ്യമന്ത്രിയുമായിരുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രി മനോഹർ ലാൽ തുടങ്ങി പ്രമുഖർ അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

*************************

## AMIT SHAH-SSB (INTRO)

ദേശ സുരക്ഷയ്ക്കായി അഭിമാനകരമായ സേവനമാണ് സശസ്ത്ര സീമാ ബൽ കാഴ്ച വച്ചതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. അതിർത്തി മേഖലയിലെ നുഴഞ്ഞു കയറ്റവും, കുറ്റകൃത്യങ്ങളും തടയുന്നതിൽ എസ്.എസ്.ബി സൈനികർ നിർണായക പങ്കാണ് വഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. എസ് എസ് ബി സ്ഥാപക ദിനത്തോടനുബന്ധിച്ച് സിലിഗുരിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

**(ഹോൾഡ്)**

രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച സേനാംഗങ്ങൾക്ക് അദ്ദേഹം ചടങ്ങിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

*************************

## JAIPUR ACCIDENT- PRESIDENT- PM

രാജസ്ഥാനിലെ ജയ്പൂരിൽ ഇന്ന് പുലർച്ചെ ഗ്യാസ് ടാങ്കറുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളെ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ദുഃഖം അറിയിച്ചു. സംഭവത്തിൽ ഏഴുപേർ മരിക്കുകയും 33 പേർക്ക് പരിക്കേൽക്കുകയുമുണ്ടായി. 29 ട്രക്കുകളും രണ്ട് സ്ലീപ്പർ ബസുകളും ഉൾപ്പെടെ 40 വാഹനങ്ങൾ തകർന്നു. മരിച്ചവരുടെ ആശ്രിതർക്ക് പ്രധാനമന്ത്രി ദേശീയ ദുരിതാശ്വാസ നിധിയിൽ

നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും.

**************************

## M T VASUDEVAN NAIR

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വിഖ്യാത സാഹിത്യകാരൻ എം.ടി വാസുദേവൻ നായരുടെ ആരോഗ്യനില ഗുരുതരം. അദ്ദേഹത്തിന് ഹൃദയ സ്തംഭനം ഉണ്ടായതായി ആശുപത്രി അധികൃതർ മെഡിക്കൽ ബുള്ളറ്റിനിലൂടെ അറിയിച്ചു. ഡോക്ടർമാരുടെ വിദഗ്ദ്ധ സംഘം ആരോഗ്യനില നിരീക്ഷിച്ചുവരികയാണ്.

**************************

## MANOHARLAL

കേന്ദ്ര ഊർജ്ജ, നഗരകാര്യ മന്ത്രി മനോഹർ ലാൽ രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയനുമായി അദ്ദേഹം മറ്റന്നാൾ തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തും. ഊർജ്ജ, നഗരകാര്യ പദ്ധതികളുടെ അവലോകനവും സന്ദർശനത്തിന്റെ ഭാഗമായി നടക്കും. തുടർന്ന് കൊച്ചി സന്ദർശിക്കുന്ന അദ്ദേഹം വാട്ടർ മെട്രോ പ്രവർത്തനങ്ങളും വിലയിരുത്തും.

**************************

## GRAMANYAYALAYA - KOLLAM

ഗ്രാമന്യായാല യുടെ അധികാര പരിധി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേരള സർക്കാരിൻറെയും കേരള ഹൈക്കോടതിയുടെയും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുമെന്നും കേന്ദ്ര നിയമ മന്ത്രി അർജ്ജുൻ റാം മേഘ് വാൾ. പുതിയതായി ഗ്രാമന്യായാലയ സ്ഥാപിക്കുന്നതിന് ഹൈക്കോടതിയുടെ സമ്മതത്തോടെ സംസ്ഥാന സർക്കാരുകൾക്ക് വിജ്ഞാപനം പുറപ്പെടുവിക്കാം. ഒരു ഗ്രാമന്യായാലയ സ്ഥാപിക്കുവാൻ സംസ്ഥാന സർക്കാരിന് കേന്ദ്രം 18 ലക്ഷം രൂപ അനുവദിക്കും.

**************************

## RS-COTTON

പരുത്തിക്കൃഷിയുള്ള 12 സംസ്ഥാനങ്ങളിലെ, 149 ജില്ലകളിലായി പരുത്തി കോർപ്പറേഷൻ ഓഫ് ഇന്ത്യ 499 സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് കേന്ദ്ര ടെക്സ്റ്റൈൽസ് സഹമന്ത്രി പബിത്ര മാർഗരിറ്റ. രാജ്യസഭയിൽ ഒരു ചോദ്യത്തിന് രേഖാമൂലം മറുപടി നൽകുകയായിരുന്നു മന്ത്രി. 2023-24 പരുത്തി സീസണിൽ രാജ്യത്തുടനീളം 446 സംഭരണ കേന്ദ്രങ്ങൾ തുറന്നതായും അവർ പറഞ്ഞു.

**************************

## MoS SPORTS

എല്ലാവരെയും ഉൾക്കൊള്ളുന്നതും യുവജനങ്ങൾക്ക് പ്രാമുഖ്യവും നൽകിയുമുള്ള നയങ്ങളാണ് ഇന്ത്യ പ്രോത്സാഹിപ്പിക്കുന്നതെന്ന് കായിക-യുവജനകാര്യ സഹമന്ത്രി രക്ഷ ഖഡ്സെ. ഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. ഈ വർഷം പാരീസിൽ ആറ് ഒളിമ്പിക്സ് മെഡലുകളും 29 പാരാലിമ്പിക്സ് മെഡലുകളും നേടിയതിലൂടെ ഖേലോ ഇന്ത്യയും, ടാർഗെറ്റ് ഒളിമ്പിക് പോഡിയം പദ്ധതിയും ഫലപ്രദമാണെന്ന് തെളിഞ്ഞതായും അവർ പറഞ്ഞു.

**************************

## PIYUSH GOYAL – MAROŠ ŠEFČOVIČ

ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ യൂറോപ്യൻ ട്രേഡ് ആൻഡ് ഇക്കണോമിക് സെക്യൂരിറ്റി കമ്മീഷണറുമായി ഓൺലൈൻ ചർച്ച നടത്തി. വ്യാപാരത്തെ തടസ്സപ്പെടുത്തുന്ന താരിഫ് ഇതര തടസ്സങ്ങൾ പരിഹരിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ചൂണ്ടിക്കാട്ടി.

**************************

**************************

********